Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : KITE/2018/1562 (23) തീയതി : 30.07.2018

# സർക്കുലർ

വിഷയം :- **കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - സ്കൂൾതല ക്യാമ്പ് നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-1. സ.ഉ (സാധാ) നം.361/2018/പൊ.വി. തീയതി 20.01.2018.

2. ഈ ഓഫീസിലെ 13.02.2018-ലെ KITE/2018/1515-1(5), 17.02.2018-ലെ KITE/2018/1515-1 നമ്പർ സർക്കുലറുകൾ.

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 1910 ഹൈസ്കൂളുകളിൽ **'ലിറ്റിൽ കൈറ്റ്സ്'** യൂണിറ്റുകൾ ഈ അധ്യയനവർഷം പ്രവർത്തിക്കുന്നുണ്ട്. യൂണിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ജൂലൈ/ഓഗസ്റ്റ് മാസങ്ങളിൽ സ്കൂൾതല ക്യാമ്പ് നടത്തുന്നതിന് പ്രവർത്തനപദ്ധതി രൂപരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ പ്രസ്തുത ക്യാമ്പ് സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർ, സ്കൂളിന്റെ ചുമതലയുള്ള കൈറ്റ് മാസ്റ്റർ ട്രെയിനർ എന്നിവരുമായി ആലോചിച്ച് എല്ലാ യൂണിറ്റുകളും ഏകദിന ക്യാമ്പ് 2018 ഓഗസ്റ്റ് 4, 11 എന്നീ ഏതെങ്കിലും തീയതിയിൽ സ്കൂൾതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.
2. ജൂലൈ മാസത്തിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ ഉത്പന്നങ്ങളുടെ മെച്ചപ്പെടുത്തലായിരിക്കും ക്യാമ്പിന്റെ ഉള്ളടക്കം. കൈറ്റ് തയ്യാറാക്കി നൽകുന്ന പ്രത്യേക മൊഡ്യൂൾ അടിസ്ഥാനമാക്കിയാണ് ക്യാമ്പ് സംഘടിപ്പിക്കേണ്ടത്.
3. കൈറ്റ് മാസ്റ്റർ ട്രെയിനർ/സ്കൂൾ ഐടി കോ-ഓർഡിനേറ്റർ എന്നിവരായിരിക്കും ക്യാമ്പിന്റെ റിസോഴ്സ് പേഴ്സൺമാർ. ജില്ലയിലെ മുഴുവൻ മാസ്റ്റർ ട്രെയിനർമാരേയും ആവശ്യമായ എസ്.ഐ.റ്റി.സിമാരേയും ഉൾപ്പെടുത്തി നിർദ്ദേശിച്ച തീയതികളിൽ എല്ലാ യൂണിറ്റിലും ക്യാമ്പ് നടത്തുന്നതിനുള്ള ഷെഡ്യൂൾ തയ്യാറാക്കി സ്റ്റേറ്റ് ഓഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്.
4. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ യൂണിറ്റിലെ പ്രവർത്തനങ്ങളുടേയും ക്യാമ്പിലെ പ്രവർത്തനത്തിന്റേയും അടിസ്ഥാനത്തിൽ ഓരോ വിദ്യാലയത്തിൽ നിന്നും നാല് അംഗങ്ങളെ വീതം ഉപജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കേണ്ടതും ജില്ലയിലെ ക്രോഡീകരിച്ച ലിസ്റ്റ് ജില്ലാ കോ-ഓർഡിനേറ്റർ സ്റ്റേറ്റ് ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

5. സ്കൂൾതല ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ഉച്ചഭക്ഷണം ക്രമീകരിക്കേണ്ടതാണ്. ഇതിനായി ഒരംഗത്തിന് 60/- രൂപ നിരക്കിൽ ചെലവഴിക്കേണ്ടതും റിസോഴ്സ് പേഴ്സണിന് 500/-രൂപ ഓണറേറിയം നൽകേണ്ടതുമാണ്. ഇതിനാവശ്യമായ തുക ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

6. ക്യാമ്പിന്റേതുൾപ്പെടെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ എല്ലാ വരവ് ചെലവ് കണക്കുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും ബിൽ, വൗച്ചർ തുടങ്ങിയവ സ്കൂളിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ആവശ്യപ്പെടുന്നതനുസരിച്ച് ലഭ്യമാക്കേണ്ടതുമാണ്.

**വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ